**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** **23-07-2021 - ൽ മറുപടിയ്ക്ക്**

**ലക്കിടി ചെക്ക്പോസ്റ്റ് വഴി പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | 03.2.2021-ാം തീയതി സൂര്യ ടിംബേർസ് എന്ന സ്ഥാപനത്തിന്റെ മരം കൊണ്ടുപോകുന്ന വാഹനം ലക്കിടി ചെക്ക്പോസ്റ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | (എ) | ഇല്ല. പ്രസ്തുത വാഹനം പരിശോധനയ്ക്ക് വിധേയമാക്കാതെയാണ് ചെക്ക് പോസ്റ്റ് വഴി കടന്നുപോയിട്ടുള്ളതെന്ന് അന്വേഷണത്തിൽ ബോധ്യമായിട്ടുണ്ട്. ചെക്ക് പോസ്റ്റ് ജീവനക്കാരുടെ കൃത്യവിലോപമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ദിവസം ജോലിയിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ടി വിഷയവുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയുടെ ഭാഗമായി ചെക്ക് പോസ്റ്റിൽ അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറേയും, ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയ വീട്ടിത്തടികൾ പരിശോധനയ്ക്ക് വിധേയ മാക്കാതെ കടത്തി വിട്ടതുവഴി കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാലാണ് ടിയാൻമാരെ സസ്പെൻഡ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ